# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3055 15-12-2015 -ൽ നൽകേണ്ടിയിരുന്ന മറുപടിക്ക്

## പ്രകൃതിക്ഷോഭത്തിൽ തകരുന്ന വീടുകൾക്ക് നഷ്ടപരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.വി.ശശി | | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| എ) | കാലവർഷക്കെടുതിയിലും പ്രകൃതിക്ഷോഭത്തിലും പൂർണ്ണമായോ ഭാഗികമായോ തകരുന്ന വീടുകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ; | എ) | പൂർണ്ണ ഭവനനാശം, ഗുരുതര ഭവനനാശം ;<br>(20.05.2015-ലെ G.O(Ms)194/2015/DMD സർക്കാർ ഉത്തരവ് പ്രകാരം)<br>പ്ലെയിൻ ഏരിയകളിൽ 95,100/- രൂപ<br>ഹില്ലി ഏരിയകളിൽ 1,01,900/- രൂപ<br>എന്നിങ്ങനെ ആശ്വാസ ധനസഹായം നൽകുന്നു. പൂർണ ഭവനനാശം സംഭവിച്ച വീടുകൾക്കുള്ള ആശ്വാസ ധനസഹായം 2 ലക്ഷം രൂപവരെ അനുവദിക്കും. ആയത് നാശനഷ്ടങ്ങളുടെ തോതനുസരിച്ചാണ് കണക്കാക്കുന്നത്.<br>ഭാഗിക ഭവനനാശം ;<br>നാശനഷ്ടം ചുരുങ്ങിയത് 15% എങ്കിലും ഉള്ള പക്ക വീട് - 5,200/- രൂപ<br>നാശനഷ്ടം ചുരുങ്ങിയത് 15% എങ്കിലും ഉള്ള കച്ച വീട് - 3,200/- രൂപ<br>Damaged/ Destroyed Huts – കൾ - 4,100/- രൂപ എന്നിങ്ങനെ ആശ്വാസ ധനസഹായം നൽകുന്നു. ഭാഗികമായി കേടുപാടുകൾ സംഭവിച്ച വീടുകൾക്കുള്ള ധനസഹായം പരമാവധി അൻപതിനായിരം രൂപയാണ്. |
| ബി) | പ്രസ്തുത നഷ്ട പരിഹാര തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | ബി) | 01.04.2015 മുതൽ പ്രാബല്യത്തോടെ വർദ്ധിപ്പിച്ചിട്ടുള്ള തുകയാണ് നിലവിൽ അനുവദിക്കുന്നത്. കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുന്ന തുകയാണ് അനുവദിച്ച് വരുന്നത്. |
| സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത ഇനത്തിൽ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; | സി) | 135,52,55,869/- (നൂറ്റി മുപ്പത്തിയഞ്ചു കോടി അമ്പത്തിരണ്ടു ലക്ഷത്തി അമ്പത്തയ്യായിരത്തി എണ്ണൂറ്റി അറുപത്തിയൊമ്പത്) രൂപ മാത്രം. |
| ഡി) | തിരുവനന്തപുരം ജില്ലയിലെ വിവിധ താലൂക്കുകളിലായി എത്ര രൂപ എത്ര പേർക്ക് ഓരോ വർഷവും ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | ഡി) | വിശദ വിവരം അനുബന്ധം-I ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-I

ഡി)

| | | 2011-12 | | 2012-13 | | 2013-14 | | 2014-15 | | 2015-16 | |
|---|---|---|---|---|---|---|---|---|---|---|---|
| | Total Amount | No | Amount | No | Amount | No | Amount | No | Amount | No | Amount |
| Kattakkada | 10290160 | | | | | | | 1331 | 9290760 | 194 | 909400 |
| Varkala | 8591410 | | | | | | | 766 | 7655410 | 90 | 936000 |
| Nedumangadu | 44631227 | 1423 | 14246683 | 356 | 3130000 | 456 | 4918740 | 1703 | 17335804 | 412 | 5000000 |
| TVPM | 51216665 | 2151 | 10755250 | 1742 | 8711100 | 1715 | 8575250 | 4314 | 21570065 | 321 | 1605000 |
| Chirayinkeezhu | 26413850 | 1173 | 5500000 | 667 | 2900000 | 1355 | 6775000 | 2668 | 10739250 | 107 | 499600 |
| Neyyattinkara | 29348536 | 969 | 7927104 | 647 | 3710089 | 1132 | 4850000 | 1713 | 11561343 | 450 | 1300000 |

സെക്ഷൻ ഓഫീസർ